പ്രകാശവചനം ● **അബൂദര്‍റ് എടയൂര്‍**

# ത്യാഗസന്നദ്ധതയുടെ പ്രതീകമാണ് ഉദ്ഹിയ്യത്ത്

عَنْ عَائِشَةَ رَضِيَ اللَّهُ عنها، أَنَّ رَسُولَ اللَّهِ ﷺ قَالَ: مَا عَمِلَ آدَمِيٌ مِنْ عَمَلٍ يَوْمَ النَّحْرِ أَحَبُّ إِلَى اللَّهِ مِنْ إِهْرَاقِ الدَّمِ، إِنَّهُ لَيَأْتِي يَوْمَ الْقِيَامَةِ بِقُرُونِهَا وَأَشْعَارِهَا وَأَظْلاَفِهَا، وَ أَنَّ الدَّمَ لَيَقَعُ مِنَ اللَّهِ بِمَكَانٍ قَبْلَ أَنْ يَقَعَ مِنَ الْأَرْضِ، فَطِيبُوا بِهَا نَفْسًا

ആഇശ(റ)യില്‍ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: ബലിദിനത്തില്‍ അല്ലാഹുവിന് ബലികര്‍മത്തേക്കാള്‍ ഇഷ്ടപ്പെട്ട ഒരു മനുഷ്യകര്‍മവുമില്ല. ബലിമൃഗം ഉയിര്‍ത്തേഴുന്നേല്‍പുനാളില്‍ അതിന്റെ കൊമ്പുകളും രോമങ്ങളും കുളമ്പുകളുമായി ഹാജരാകും. അതിന്റെ രക്തം ഭൂമിയില്‍ പതിക്കുന്നതിനു മുമ്പ്, അല്ലാഹുവിങ്കല്‍ സ്ഥാനം പിടിക്കും. അതിനാല്‍ നിങ്ങള്‍ സംതൃപ്ത മനസ്സോടെ ബലികര്‍മം നടത്തുക (തിര്‍മിദി).

ഇസ്‌ലാം പഠിപ്പിക്കുന്ന ശ്രേഷ്ഠകരമായ പുണ്യകര്‍മങ്ങളില്‍ ഒന്നാണ് ബലി. അത് അല്ലാഹുവിന്റെ പേരില്‍ മാത്രമേ പാടുള്ളൂ. നിര്‍ബന്ധ ബലിയും ഐഛിക ബലിയുമുണ്ട്. ഹജ്ജിലെയും ഉംറയിലെയും ന്യൂനതകള്‍ പരിഹരിക്കാനുള്ള പ്രായശ്ചിത്തവും നേര്‍ച്ചയാക്കിയതും നിര്‍ബന്ധ ബലികളില്‍ പെടുന്നു. ഹജ്ജിന് പോകുന്നവര്‍ നിര്‍വഹിക്കുന്ന ഹദ്‌യ്, പെരുന്നാള്‍ ദിനങ്ങളില്‍ അറുക്കുന്ന ഉദുഹിയ്യത്ത്, കുട്ടിയുടെ ജനനത്തില്‍ സന്തോഷം രേഖപ്പെടുത്തി നിര്‍വഹിക്കുന്ന അഖീഖത്ത് എന്നിവ ഐഛികമാണ്.

ബലിപെരുന്നാള്‍ നമസ്‌കാരം കഴിഞ്ഞതുമുതല്‍ ദുല്‍ഹിജ്ജ 13 സൂര്യന്‍ അസ്തമിക്കുന്നതിനു മുമ്പായി നിര്‍വഹിക്കപ്പെടുന്ന പ്രബലമായ സുന്നത്താണ് ഉദ്ഹിയ്യത്ത്. ആരോഗ്യമുള്ളതും ന്യൂനതകളില്ലാത്തതുമായ ആട്, മാട്, ഒട്ടകം എന്നിവയില്‍ ഏതെങ്കിലുമാണ് അതിന് ഉപയോഗിക്കേണ്ടത്. മാട്, ഒട്ടകം എന്നിവയില്‍ പരമാവധി ഏഴ് പേര്‍ക്ക് പങ്കാളികളാകാവുന്നതാണ്. ശേഷിയുണ്ടായിട്ടും ബലിയറുക്കാതിരിക്കുന്നത് അനഭിലഷണീയമാണ്. അത്തരക്കാര്‍ നമസ്‌കാര സ്ഥലത്തേക്ക് വരേണ്ടതില്ല എന്ന് പ്രവാചകന്‍ പറഞ്ഞതായി വ്യക്തമാക്കുന്ന ഹദീസ്, ബലിക്ക് പ്രോത്സാഹനം നല്‍കുകയാണ് ചെയ്യുന്നത്.

പ്രിയപ്പെട്ടതെന്തും അല്ലാഹുവിന് വിധേയമായി ത്യജിക്കാന്‍ ഇബ്‌റാഹീം പ്രവാചകന്‍ സന്നദ്ധനായതിന്റെ പ്രതീകാത്മക സ്മരണ പുതുക്കലാണല്ലോ ഉദ്ഹിയത്ത്. അതിനാല്‍ മാംസത്തിന്റെ തൂക്കമല്ല, ബലിയുടെ ചൈതന്യം ഉള്‍ക്കൊള്ളുന്നതിലൂടെയുണ്ടാവുന്ന ആത്മീയോന്നതിയാണ് അതില്‍ സുപ്രധാനമായിട്ടുള്ളത്. അല്ലാഹു പറയുന്നു: "അവയുടെ മാംസമോ രക്തമോ അല്ലാഹുവിനെ പ്രാപിക്കുന്നില്ല. മറിച്ച് അവനെ പ്രാപിക്കുന്നത് നിങ്ങളുടെ ഭക്തിയാകുന്നു" (അല്‍ഹജ്ജ്:37). ആ ബലിമൃഗം ഉയിര്‍ത്തെഴുന്നേല്‍പുനാളില്‍ നമ്മുടെ വിജയത്തിന് അനുകൂലമായ തെളിവായിരിക്കുമെന്ന് ആദ്യം ഉദ്ധരിച്ച ഹദീസില്‍ നിന്ന് ഗ്രഹിക്കാം.

ഉദ്ഹിയ്യത്ത് നിര്‍വഹിക്കാന്‍ ഉദ്ദേശിക്കുന്നവര്‍ ദുല്‍ഹിജ്ജ മാസം ആരംഭിച്ചാല്‍ ബലികര്‍മം നിര്‍വഹിക്കുന്നതു വരെ നഖം, മുടി മുതലായവ നീക്കം ചെയ്യാതിരിക്കുന്നത് സുന്നത്താണ് (മുസ്‌ലിം). ബലിയറുക്കുമ്പോള്‍ ദൈവനാമത്തില്‍ ആരംഭിക്കുന്നതിനുപുറമെ തക്ബീര്‍ ഉരുവിടുകയും അത് സ്വീകരിക്കാനായി പ്രാര്‍ഥിക്കുകയും ചെയ്യുന്നത് പ്രവാചകന്റെ രീതിയായിരുന്നു (ബുഖാരി, മുസ്‌ലിം). ബലിമാംസത്തില്‍നിന്ന് ബലി നല്‍കിയ ആള്‍ ഭക്ഷിക്കുന്നതും ബന്ധുക്കള്‍ക്കും ദരിദ്രര്‍ക്കും വിതരണം ചെയ്യുന്നതും സുന്നത്താകുന്നു. ബലിമാംസമോ ബലിമൃഗത്തിന്റെ തോലോ വില്‍ക്കാന്‍ പാടില്ല. കശാപ്പുകാരന് കൂലി വേറെത്തന്നെ നല്‍കണം. ബലിമാംസമോ തോലോ കൂലിയായി നല്‍കാന്‍ പാടില്ല. എന്നാല്‍ ഇമാം അബൂഹനീഫയുടെ വീക്ഷണപ്രകാരം ബലിമൃഗത്തിന്റെ തോല്‍ വില്‍ക്കാം. ശേഷം അതിന്റെ വില ദാനം ചെയ്യുകയോ അല്ലെങ്കില്‍ അതുകൊണ്ട് വീട്ടിലേക്ക് ഉപയോഗപ്രദമായ എന്തെങ്കിലും വാങ്ങുകയോ ചെയ്യാം.

ബലിമാംസം മൂന്നില്‍ കൂടുതല്‍ ദിവസം സൂക്ഷിച്ച് വെക്കാന്‍ പാടില്ല എന്ന് ചില ഹദീസുകളില്‍ കാണാം. മദീനയിലെ ജനങ്ങള്‍ ദാരിദ്ര്യം കൊണ്ട് പൊറുതിമുട്ടിയ സന്ദര്‍ഭത്തിലുള്ള നിരോധമായിരുന്നു അത്. പിന്നീട് ആ നിരോധം പിന്‍വലിക്കപ്പെട്ടു. പ്രവാചക കുടുംബത്തില്‍ തന്നെ അനവധി നാളുകള്‍ ബലിമാംസം സൂക്ഷിക്കാറുണ്ടായിരുന്നുവെന്ന് ആഇശ(റ) പറയുന്നു. ആബിസുബ്‌നു റബീഅയില്‍നിന്ന് നിവേദനം. ഞാന്‍ ആഇശ(റ)യോട് ചോദിച്ചു: അല്ലാഹുവിന്റെ തിരുദൂതര്‍ ബലിമൃഗത്തിന്റെ മാംസം മൂന്ന് ദിവസത്തിലധികം സൂക്ഷിക്കുന്നത് നിരോധിച്ചിട്ടുണ്ടോ? അവര്‍ പറഞ്ഞു: "ജനങ്ങളെ പട്ടിണി ബാധിച്ച ഒരാണ്ടില്‍ മാത്രമാണ് ആ നിരോധം ഉണ്ടായിരുന്നത്. സമ്പന്നര്‍ ദരിദ്രരെ ഭക്ഷിപ്പിക്കുക എന്നതായിരുന്നു നബിതിരുമേനി അതിലൂടെ ഉദ്ദേശിച്ചത്. ഞങ്ങള്‍ ഉദുഹിയ്യത്തിന്റെ കണങ്കാല്‍ എടുത്തു സൂക്ഷിക്കുകയും 15 ദിവസത്തിന്ശേഷവും അത് ഭക്ഷിക്കുകയും ചെയ്യാറുണ്ടായിരുന്നു." നിവേദകന്‍ പറയുന്നു: ഇങ്ങനെ സൂക്ഷിക്കുന്നതിന് നിങ്ങളെ നിര്‍ബന്ധിതരാക്കിയ കാരണമെന്തെന്ന് അന്വേഷിച്ചപ്പോള്‍ ആഇശ(റ) ചിരിച്ചു. എന്നിട്ട് പറഞ്ഞു: "മുഹമ്മദ് നബിയുടെ കുടുംബം മൂന്ന് ദിവസം തുടര്‍ച്ചയായി വിശപ്പടക്കിയ അനുഭവം അവിടുന്ന് അല്ലാഹുവിലേക്ക് യാത്രയാകും വരെ ഉണ്ടായിട്ടില്ല" (ബുഖാരി). ■